**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 565** **10-11-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകൾക്ക് ഫിറ്റ്നസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് കാലഘട്ടത്തിൽ അടച്ചിട്ടിരുന്ന സ്കൂളുകൾ വീണ്ടും തുറക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് നിഷ്കർഷിച്ചിരുന്നോ; വ്യക്തമാക്കാമോ; | (എ) | നിഷ്കർഷിച്ചിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ അടച്ചിട്ടിരുന്ന സ്കൂളുകൾ തുറക്കുന്നതിന് മുൻപ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണെന്ന നിർദ്ദേശം എല്ലാ സ്കൂൾ പ്രധാനാധ്യാപകർക്കും നൽകിയിരുന്നു. കൂടാതെ ആസ്ബസ്റ്റോസ്, ടിൻ ഷീറ്റുകൾ എന്നിവ കൊണ്ട് നിർമ്മിച്ചിട്ടുള്ള മേൽക്കൂരകളുള്ള സ്കൂളുകളിൽ അവ മാറ്റി പുതിയ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും അതുപോലെ പുതുതായി നിർമ്മിച്ചിരിക്കുന്ന ബഹുനിലകളുള്ള സ്കൂളുകൾക്ക് ഫയർ & സേഫ്റ്റി സൗകര്യം ലഭ്യമാക്കുന്നതിനും സമയം ആവശ്യമുണ്ടെന്ന് സർക്കാർ കണ്ടെത്തിയ തിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ മൂന്ന് മാസത്തിനകം പൂർത്തിയാക്കും എന്ന വ്യവസ്ഥയിൽ പ്രസ്തുത സ്കൂളുകൾക്ക് താൽക്കാലിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നിർദ്ദേശം നൽകികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ അദ്ധ്യയന വർഷവും സംസ്ഥാനത്ത് സ്കൂൾ തുറക്കുന്നതിന് മുൻപായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അവരുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽപരിശോധന നടത്തി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയാണ് പതിവ്. ഇപ്രകാരം പരിശോധന നടത്തുന്ന വേളയിൽ ഫിറ്റ്നസ് ഉറപ്പ് വരുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ അവർ നൽകാറുണ്ട്. സർക്കാർ സ്കൂളുകളെ സംബന്ധിച്ചുള്ള പ്രസ്തുത നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും എയ്ഡഡ് / അൺഎയ്ഡഡ് സ്കൂളുകളെ സംബന്ധിച്ചുള്ള ടി |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ ബന്ധപ്പെട്ട മാനേജ്മെന്റുകളുമാണ് നടപ്പിലാക്കുന്നത്. |
| (ബി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്തെ ചില സ്കൂളുകളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത കെട്ടിടങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി പകരം സംവിധാനം ഒരുക്കി ആവശ്യമായ ക്രമീകരണങ്ങൾവരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സ്കൂളുകളുടെ അറ്റകുറ്റപണികൾ നടത്തി ക്ഷമത ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) | സ്കൂളുകളുടെ ക്ഷമതയും ഭൗതിക സാഹചര്യങ്ങളുടെ പര്യാപ്തതയും വിലയിരുത്തി ആവശ്യമെങ്കിൽ അറ്റകുറ്റ പണികൾ നടത്തുവാനും അല്ലെങ്കിൽ സ്കൂൾ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന തരത്തിലുള്ള പകരം സംവിധാനം ഒരുക്കി ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാനും, മതിയായ ഫിറ്റ്നസും ഭൗതിക സാഹചര്യങ്ങളും ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന കാര്യം ഉറപ്പ വരുത്തുന്നതിനും ബന്ധപ്പെട്ട ഉദ്യോഗ സ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ